A

# സമഗ്ര ശിക്ഷാ, കേരളം

GI 502

## അർധവാർഷിക മൂല്യനിർണയം 2019-20

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറാൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. അഞ്ചിലധികം പ്രവർത്തനങ്ങൾക്ക് കുട്ടി ഉത്തരമെഴുതിയിട്ടുണ്ടെങ്കിൽ ഏറ്റവും മികച്ച സ്കോർ നേടിയ 5 പ്രവർത്തനങ്ങളാണ് ഓവറാൾ ഗ്രേഡിന് പരിഗണിക്കേണ്ടത്.

---

പ്രവർത്തനം : 1 വായിക്കാം എഴുതാം

പഠനനേട്ടം :രചനകൾ വായിച്ച് ആസ്വദിക്കുകയും യുക്തിപൂർവം വിശകലനം ചെയ്യുകയും ചെയ്യുന്നു

സൂചകങ്ങൾ

1. ഇലകൾ (1)
2. ചെറുപ്രാണികളും ഉറുമ്പുകളും (1)
3. മഴ നനഞ്ഞു (1)
4. ഇലകൾക്കിടയിൽ മഴയെ ഒളിപ്പിച്ചു (1)
5. മണം (1)

പ്രവർത്തനം : 2 കത്ത്

പഠനനേട്ടം – വായിച്ച് അനുഭവിച്ച കാര്യങ്ങൾ ആസ്വദിക്കുകയും യുക്തിപൂർവ്വം വിശകലനം ചെയ്ത് അതിനിണങ്ങുന്ന ഭാഷയിൽ കത്ത് തയാറാക്കുകയും ചെയ്യുന്നു.

സൂചകങ്ങൾ

(1). കാസിമിന്റെ ചിന്തകളും വികാരങ്ങളുമുൾപ്പെടുത്തിയിട്ടുണ്ട് (1)

(2). വൈകാരികമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1)

(3). ഉള്ളടക്കത്തിന്റെ ക്രമാനുഗതമായ വളർച്ചയുണ്ട്. (1)

(4). കത്തിന്റെ ഘടന-സ്വഭാവം പാലിച്ചിട്ടുണ്ട് (1)

(5). വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

പ്രവർത്തനം : 3 അഭിമുഖ ചോദ്യാവലി തയാറാക്കൽ

**പഠനനേട്ടം: വ്യത്യസ്തങ്ങളായ അനുഭവങ്ങൾ വെളിവാക്കുന്ന രചനകൾ വായിച്ചും അഭിമുഖം നടത്തിയും വിവരങ്ങൾ ശേഖരിച്ച് രചനകളിൽ ഏർപ്പെടുന്നു.**

സൂചകങ്ങൾ

(1). പാഠഭാഗത്തിലെ പരമാവധി ആശയങ്ങളിലൂന്നി പ്രസക്തമായ ചോദ്യങ്ങൾ തയാറാക്കിയിട്ടുണ്ട് (2)

(2). അഭിമുഖത്തിനു വിധേയനാകുന്ന വ്യക്തിയെ ഗുണാത്മകമായി പ്രതികരിപ്പിക്കാൻ അനുയോജ്യമായ ഭാഷ സ്വീകരിച്ചിട്ടുണ്ട് . (1)

(3). വൈവിധ്യമാർന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (1)

(4). വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

പ്രവർത്തനം : 4 കഥ രചന

*പഠനനേട്ടം:* ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രമായ സർഗാത്മക രചനയിലേർപ്പെടുന്നു.

*സൂചകങ്ങൾ*

(1) ആശയാവതരണത്തിലെ പുതുമയും ശക്തിയും ഉചിതമായ ഭാഷാശൈലിയും ഉപയോഗിച്ചിട്ടുണ്ട് (1)

(2). ഭാവനാംശം കലർന്ന രചന (1)

(3) ആകർഷകമായ തുടക്കവും കഥാന്ത്യവും (1)

(4). കഥാഗതിയിൽ വരുത്തിയ മാറ്റങ്ങളുടെ ഔചിത്യം, ആകർഷകമായ തലക്കെട്ട് (1)

(5) വാക്യഘടന , ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

പ്രവർത്തനം 5 അനുഭവക്കുറിപ്പ്

പഠനനേട്ടം: വ്യത്യസ്തമായ അനുഭവങ്ങൾ സ്വാംശീകരിച്ച് അവയെ വ്യാഖ്യാനിക്കുകയും സ്വാനുഭവങ്ങളായി അവതരിപ്പിക്കുകയും ചെയ്യുന്നു.

*സൂചകങ്ങൾ*

(1). അനുഭവവുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)

(2). വൈകാരികതയുണർത്തുന്ന വിധത്തിൽ ഉചിതമായ ഭാഷയുപയോഗിച്ചിട്ടുണ്ട്. (1)

(3).ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ എന്നിവ വേണ്ട വിധം ഉപയോഗിച്ചിട്ടുണ്ട് (1)

(4). വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

പ്രവർത്തനം : 6 തലക്കെട്ടിന്റെ പ്രത്യേകത കണ്ടെത്തൽ

പഠനനേട്ടം: രചനകളിലൂടെയും അനുബന്ധ വായനയിലൂടെയും സ്വാംശീകരിച്ച ആശയങ്ങൾ വ്യത്യസ്ത ആവിഷ്കാര രൂപങ്ങളിൽ (ശീർഷകം , അടിക്കുറിപ്പ്) അവതരിപ്പിക്കുന്നു.

സൂചകങ്ങൾ

(1)ശീർഷകവും ആത്മകഥയിലെ ആശയങ്ങളും തമ്മിലുള്ള ബന്ധം അവതരിപ്പിച്ചിട്ടുണ്ട്.(2)

(2). ബന്ധപ്പെട്ട നിലപാടുകളും ആശയങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. (1)

(3). ഉചിതമായ ഭാഷ (ലാളിത്യം, സംക്ഷിപ്തത) ഉപയോഗിച്ചിട്ടുണ്ട്. (1)

(4). വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റു കൂടാതെ എഴുതിയിട്ടുണ്ട്.(1)